Kerala Gazette No. 46 dated 20th November 2018.

**PART I** **Section iii**

# കേരള സർക്കാർ

## നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

## വിജ്ഞാപനം

നമ്പർ 20842/ലെഗ്.എച്ച്.2/2018/നിയമം. തീയതി, തിരുവനന്തപുരം, 2018 ഒക്ടോബർ 5 / 1194 കന്നി 19 / 1940 ആശ്വിനം 13.

2018 ഒക്ടോബർ 5-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

**2018-ലെ 51-ാം നമ്പർ ഓർഡിനൻസ്**

## 2018-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

### 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ്

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വരനടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2018-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

   (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1969-ലെ 21-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസിന് നിലവിലിരിക്കുന്ന കാലയളവിൽ, 1969-ലെ കേരളാ സഹകരണ സംഘ ആക്റ്റിന് (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

3. <u>28-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ, (1 ജെ) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 കെ) ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ബൈലായിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒന്നിലധികം റവന്യൂ ജില്ലയിൽ അധികാര പരിധിയുള്ള മേഖലാ ക്ഷീര ഉല്പാദക യൂണിയനിൽ, ഓരോ റവന്യൂ ജില്ലയെയും പ്രതിനിധീകരിക്കുന്ന കമ്മിറ്റി അംഗങ്ങളെ, പ്രസ്തുത റവന്യൂ ജില്ലകളിലെ അംഗ സൊസൈറ്റികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.".

പി. സദാശിവം,
ഗവർണ്ണർ.

(ശരിത്തർജ്ജമ)

എസ്. സന്ധ്യ,
അഡീഷണൽ നിയമ സെക്രട്ടറി.